# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.3283 — 13/03/2017-ൽ മറുപടിക്ക്

ഹജ്ജ് യാത്ര

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | മറുപടി<br>ശ്രീ.കെ.ടി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
|---|---|
| കേരളത്തിൽ നിന്നുള്ള ഹജ്ജ് യാത്ര സുഖകരമാക്കാൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ; | ഹജ്ജ് അപേക്ഷ വിതരണം മുതൽ സ്വീകരിച്ച് കവർ നമ്പർ കൊടുക്കുന്നതു വരെയുള്ള നടപടി ക്രമങ്ങളാണ് ഇതു വരെ ചെയ്തിട്ടുള്ളത്.<br>കേരളത്തിലെ ഹാജിമാരിൽ ബഹു ഭൂരിഭാഗവും (85%) മലബാർ മേഖലയിൽനിന്നുള്ളവരായതിനാൽ എമ്പാർക്കേഷൻ പോയിന്റ് കരിപ്പൂർ വിമാനത്താവളത്തിൽ തന്നെ നില നിർത്തുന്നതിനുള്ള പരിശ്രമം നടത്തി വരികയാണ്. ഹജ്ജ് നറുക്കെടുപ്പ് കഴിഞ്ഞാലുടൻതന്നെ എല്ലാ ഹാജിമാരെയും ബന്ധപ്പെടുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും കേരളത്തിലുടനീളം സൗജന്യമായി സേവനം ചെയ്യുന്ന പരിചയ സമ്പന്നരായ ട്രയിനർമാരെ നിയോഗിച്ചിട്ടുണ്ട്.<br>ഹാജിമാർക്ക് കുത്തിവെപ്പ് നടത്തുന്നതിന് മണ്ഡലാടിസ്ഥാനത്തിൽ ക്യാമ്പ് നടത്തി സൗകര്യം ഒരുക്കുന്നതിനും ആവശ്യമായ എല്ലാ മുന്നൊരുക്കങ്ങളും നടത്തിക്കഴിഞ്ഞു. അതുപോലെതന്നെ കേരളത്തിൽനിന്നുള്ള ഹാജിമാർക്ക് ലഗ്ഗേജുകൾ നഷ്ടപ്പെടുന്നത് തടയാൻ കഴിയുന്ന വിധത്തിൽ ഏകീകൃത ബാഗ്ഗേജ് സംവിധാനം ഇപ്രാവശ്യവും തുടരുന്നതാണ്. ഹാജിമാർക്ക് വിവിധ ഘട്ടങ്ങളിലായി ഹജ്ജിനെക്കുറിച്ചുള്ള സാങ്കേതിക ക്ലാസ്സുകൾ ഒരുക്കിയിട്ടുണ്ട്. എമ്പാർക്കേഷനുമായി ബന്ധപ്പെട്ട മറ്റു സൗകര്യങ്ങൾ ആവശ്യാനുസരണം ഒരുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ